# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

2016 ഫെബ്രുവരി 16, ചൊവ്വ

നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--30]**

മറുപടി നൽകുന്ന മന്ത്രിമാർ

മുഖ്യമന്ത്രി

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പമന്ത്രി

ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി

### സുബോധം പദ്ധതി

*151. ശ്രീമതി.ഇ.എസ്.ബിജിമോൾ

ശ്രീ.വി.എസ്.സുനിൽ കുമാർ

,, പി.തിലോത്തമൻ

,, ചിറ്റയം ഗോപകുമാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സ്സൈസ് വകുപ്പിന്റെ കീഴിൽ ബോധവൽക്കരണത്തിനായി എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സുബോധം പദ്ധതി എന്നുമുതലാണാരംഭിച്ചത്, ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വിശദമാക്കുമോ;

(സി) ഈ പദ്ധതിയ്ക്കായി ഇതുവരെ എത്ര തുക അനുവദിച്ചു; ഏതെല്ലാം ഇനങ്ങൾക്കായി എത്ര തുക വീതം അനുവദിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഉയർന്നു വന്നിട്ടുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ സുബോധം പദ്ധതി കാര്യക്ഷമമായി നടപ്പാക്കാൻ കഴിയാതെ പോയത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

### ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ ക്ഷേമം

*152. ശ്രീ.മുല്ലക്കര രത്നാകരൻ

,, കെ.രാജു

,, ജി.എസ്.ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ ജലാശയങ്ങളിലെ പോളപ്പായൽ , മലിനീകരണം എന്നിവ കാരണം തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് എന്തെങ്കിലും നഷ്ടപരിഹാരം നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ സംരക്ഷണത്തിനായി ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിന് ശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

<u>ധനകമ്മി കുറയ്ക്കുന്നതിനുമുള്ള സമയബന്ധിത ലക്ഷ്യങ്ങൾ</u>

*153. ശ്രീ.എസ്.ശർമ്മ

പ്രൊഫ. സി.രവീന്ദ്രനാഥ്

ശ്രീ.വി.ചെന്താമരാക്ഷൻ

,, എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിശ്ചിത കാലയളവിൽ കമ്മി ഇല്ലാതാക്കുന്നതിനും ധനകമ്മി കുറയ്ക്കുന്നതിനും സമയ ബന്ധിത ലക്ഷ്യങ്ങൾ നിർദ്ദേശിച്ചുകൊണ്ടുള്ള ധന ഉത്തരവാദിത്ത നിയമത്തിലെ വ്യവസ്ഥകൾ എല്ലാം പാലിക്കുവാൻ സാദ്ധ്യമായിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സമയബന്ധിത ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു; അവയിൽ നിറവേറ്റാൻ കഴിഞ്ഞിട്ടില്ലാത്തവയെക്കുറിച്ച് വിശദമാക്കാമോ; ആയതിന്റെ കാരണങ്ങൾ വെളിപ്പെടുത്താമോ;

(സി) സർക്കാർ ചെലവുകളെ കുറിച്ചും ധനകാര്യസ്ഥിതിയെക്കുറിച്ചും എക്സ്പെന്റിച്ചർ അവലോകന കമ്മിറ്റി എത്ര റിപ്പോർട്ടുകൾ സർക്കാരിന് നൽകിയിട്ടുണ്ട്; വിശദമാക്കാമോ; ഈ റിപ്പോർട്ടുകളിലെ ശുപാർശകളിൽ സർക്കാർ നടപ്പിലാക്കിയിട്ടില്ലാത്തവ ഏത്?

<u>മലയാള ഭാഷ - ഔദ്യോഗിക ഭാഷ</u>

*154. ശ്രീ.ലൂഡി ലൂയിസ്

,, തേറമ്പിൽ രാമകൃഷ്ണൻ

,, ആർ . സെൽവരാജ്

,, എം.എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാള ഭാഷയെ ഔദ്യോഗിക ഭാഷയാക്കാൻ കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(സി) ഇത് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കാമോ?

<u>ബാല സാന്ത്വനം പദ്ധതി</u>

*155. ശ്രീ.പി.സി വിഷ്ണുനാഥ്

,, ഹൈബി ഈഡൻ

,, എ.റ്റി.ജോർജ്

,, എ.പി.അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രഷറി വകുപ്പ് ക്യാൻസർ രോഗികളായ കുട്ടികൾക്ക് ബാല സാന്ത്വനം പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

<u>കേന്ദ്ര ഫണ്ട്</u>

*156. ശ്രീ.റ്റി.എ.അഹമ്മദ് കബീർ

,, എൻ .എ.നെല്ലിക്കുന്ന്

,, പി.ഉബൈദുള്ള

,, എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ വിവിധ പദ്ധതികളിൽപ്പെടുത്തി സംസ്ഥാനത്തിന് അനുവദിക്കുന്ന ഫണ്ട്, അതത് ഇംപ്ലിമെന്റിംഗ് വകുപ്പിന് യഥാസമയം അനുവദിച്ച നൽകുന്നില്ലെന്ന പരാതികൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) കേന്ദ്രം അനുവദിക്കുന്ന ഫണ്ട് ഇംപ്ലിമെന്റിംഗ് വകുപ്പിനു പൂർണ്ണമായി കൈമാറാതെ ഭാഗികമായി മാത്രം അനുവദിക്കുന്ന രീതി അവലംബിക്കുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന പദ്ധതി ഫണ്ട് യഥാസമയം കൈമാറാത്തതും, ഭാഗികമായി മാത്രം അനുവദിക്കുന്നതും, നിർദ്ദിഷ്ട പദ്ധതികൾ യഥാസമയം പൂർത്തീകരിക്കുന്നതിന് തടസ്സം സൃഷ്ടിക്കുന്നുണ്ടെന്ന വസ്തുത പരിഗണിച്ച്, കേന്ദ്ര ഫണ്ട് ഇംപ്ലിമെന്റിംഗ് ഡിപ്പാർട്ടുമെന്റിന് കൈമാറുന്നതിൽ നിലനിൽക്കുന്ന അപാകത പരിഹരിക്കുമോ?

<u>കേന്ദ്ര സർക്കാർ സമീപനം</u>

*157. ശ്രീ.ആർ. രാജേഷ്
,, കോടിയേരി ബാലകൃഷ്ണൻ
,, എളമരം കരീം
,, ബാബു എം. പാലിശ്ശേരി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണഘടന ഉറപ്പാക്കുന്ന ഫെഡറലിസത്തിന്റെ അടിസ്ഥാന സവിശേഷതകളോരോന്നും, കേന്ദ്ര സമീപനത്തിൽ. കടുത്ത വെല്ലുവിളികളെ നേരിടുന്നുണ്ടോ;

(ബി) സംസ്ഥാനത്തിന്റെ അധികാരാവകാശങ്ങളെ കവർന്നെടുക്കുന്ന നടപടികൾക്കെതിരെയുള്ള സർക്കാരിന്റെ നിലപാട് കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ടോ; ആസൂത്രണകമ്മീഷനെയും ദേശീയ വികസന സമിതിയെയും ഇല്ലാതാക്കിയ കേന്ദ്ര നടപടിയോടുള്ള സംസ്ഥാന നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തിന്റെ അധികാരാവകാശങ്ങൾ നേടിയെടുക്കുന്നതിനും ജനാധിപത്യ മതേതര സ്വഭാവത്തെ നിലനിർത്തിക്കിട്ടാനും, അസഹിഷ്ണുതകൾ പ്രകടമാക്കുന്ന കേന്ദ്ര നടപടികൾ തുറന്നുകാട്ടാനും സംസ്ഥാന സർക്കാർ എന്തെല്ലാം നിലയിലുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

<u>വിദ്യാർത്ഥികൾക്കുള്ള സൗജന്യ യാത്ര</u>

*158. ശ്രീ.ഐ.സി.ബാലകൃഷ്ണൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, കെ.മുരളീധരൻ
,, വി.പി.സജീന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യിൽ വിദ്യാർത്ഥികൾക്ക് സൗജന്യ യാത്രയ്ക്ക് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>ജയിലുകളിലെ ഭക്ഷ്യോൽപ്പാദന യൂണിറ്റുകൾ</u>

*159. ശ്രീ.ഹൈബി ഈഡൻ
,, അൻവർ സാദത്ത്
,, സി.പി.മുഹമ്മദ്
,, സണ്ണി ജോസഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജയിലുകളിൽ ഭക്ഷ്യോൽപ്പാദന യൂണിറ്റുകളും സംരക്ഷണ സംരംഭവും ആരംഭിച്ചിട്ടുണ്ടോ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(സി) ഇത് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കാമോ?

<u>സംസ്ഥാനത്തിന്റെ കടബാദ്ധ്യതകൾ</u>

*160. ശ്രീ.സി.കെ സദാശിവൻ
,, കെ.രാധാകൃഷ്ണൻ
ശ്രീമതി.കെ.കെ.ലതിക
ശ്രീ.കെ.കുഞ്ഞിരാമൻ **(ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിപണിയിൽ നിന്നുള്ള വായ്പകൾ ഉൾപ്പെടെ വിവിധ സ്രോതസ്സുകളിൽ നിന്നും സർക്കാർ എടുക്കുന്ന ഫണ്ടുകൾ പൂർണ്ണമായും പദ്ധതി ചെലവിനു ഉപയോഗിക്കാതെ മറ്റാവശ്യങ്ങൾക്കായി ഉപയോഗിച്ചുവരുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാർ ഇതിനകം എടുത്ത ആകെ വായ്പകൾ എത്രയാണ്; ഓരോ വർഷവും എടുത്ത വായ്പകളെ സംബന്ധിച്ച് വിശദമാക്കാമോ;

(സി) ഓരോ വർഷവും മറ്റാവശ്യങ്ങൾക്ക് ഉപയോഗിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) ഇതുവരെ എടുത്ത കടത്തിന്റെ എത്ര ശതമാനം തന്നാണ്ടിൽ പദ്ധതിപ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുകയുണ്ടായി; വ്യക്തമാക്കാമോ?

## ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ് വർക്ക് പദ്ധതി

*161. ശ്രീ.ബെന്നി ബെഹനാൻ

,, എ.പി.അബ്ദുള്ളക്കുട്ടി

,, അൻവർ സാദത്ത്

,, വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ് വർക്ക് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

## തീർപ്പാക്കാതെ കിടക്കുന്ന കേസുകൾ

*162. ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ

,, സി.മമ്മൂട്ടി

,, എൻ .എ.നെല്ലിക്കുന്ന്

,, പി.ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ കോടതികളിൽ ദശലക്ഷക്കണക്കിനു കേസുകൾ കെട്ടിക്കിടക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ ഭീമമായ തോതിലെ കേസുകൾ സമയബന്ധിതമായി തീർപ്പാക്കാതെ കിടക്കുന്നതുമൂലമുള്ള സാമൂഹ്യ, സാംസ്കാരിക, സാമ്പത്തിക പ്രത്യാഘാതങ്ങൾ പരിശോധിക്കപ്പെട്ടിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ പരിഹാരമുണ്ടാക്കുന്നതിനുള്ള നിർദ്ദേശമെന്തെങ്കിലും പരിഗണനയിലുണ്ടോ; എങ്കിൽ അത് ഏതു വിധത്തിൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും, അതിന്റെ ഫലപ്രാപ്തി സംബന്ധിച്ചും വിശദമാക്കുമോ?

## എൻഡോസൾഫാൻ ദുരിതാശ്വാസം

T *163. ശ്രീ.എ.കെ.ബാലൻ

,, കോടിയേരി ബാലകൃഷ്ണൻ

,, കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

,, കെ.കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം

മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസത്തിനായി പ്രഖ്യാപിച്ചിരുന്നതും സ്വീകരിച്ചതുമായ നടപടികൾ അറിയിക്കുമോ; ഇതിനായി കേന്ദ്രസഹായം ആവശ്യപ്പെട്ടിരുന്നോ; എത്ര തുക ലഭിച്ചു ;

(ബി) ദുരിതബാധിതർക്ക് കീടനാശിനി നിർമ്മാതാക്കളിൽ നിന്ന് നഷ്ടപരിഹാരം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് അറിയിക്കുമോ; ട്രിബ്യൂണൽ രൂപീകരിച്ച് നീതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ച ദുരിതാശ്വാസം അർഹരായവർക്ക് ലഭ്യമാക്കാൻ എന്തുനടപടി സ്വീകരിക്കുമെന്ന് അറിയിക്കാമോ;

(ഡി) ദുരിതബാധിതർക്ക് വിദഗ്ധചികിത്സ ലഭിക്കുന്നതിനുണ്ടാകുന്ന പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്ത് പരിഹാരമാണ് ഉദ്ദേശിക്കുന്നത്;

(ഇ) കടക്കെണിയിലായ പ്രസ്തുത കുടുംബങ്ങളുടെ ചികിത്സയ്ക്കും അതിജീവനത്തിനുമായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## വന്യമൃഗങ്ങൾ

*164. ശ്രീ.കെ.എൻ.എ.ഖാദർ

,, സി.മോയിൻ കുട്ടി

,, എം.ഉമ്മർ

,, പി.ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനമേഖലയിൽ വന്യമൃഗങ്ങൾ ധാരാളമായി ചത്തൊടുങ്ങുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; എങ്കിൽ കാരണങ്ങളെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇക്കാര്യത്തിൽ വേട്ടക്കാരുടെ പങ്കാളിത്തം എത്രത്തോളമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) കാർഷികവിളകൾ നശിപ്പിക്കുന്ന വന്യമൃഗങ്ങളിൽ നിന്നും കർഷകർക്ക് സംരക്ഷണം നൽകാൻ എന്തൊക്കെ പദ്ധതികൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ; ആശങ്ക ഒഴിവാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## വ്യക്തിഗത അപകട ഇൻഷ്വറൻസ്

*165. ശ്രീ.കെ.അച്ചുതൻ
,, ബെന്നി ബെഹനാൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, വി.ഡി.സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യിലെ യാത്രക്കാർക്ക് വ്യക്തിഗത അപകട ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

## സോളാർ കമ്മീഷന്റെ പ്രവർത്തനം

*166. ശ്രീ.രാജു എബ്രഹാം
,, കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, എം. ഹംസ
,, സി.കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോളാർ കമ്മീഷന്റെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലെത്തിയിട്ടുണ്ടെന്നറിയിക്കാമോ ;

(ബി) പ്രസ്തുത കമ്മീഷന് കാലാവധി നിശ്ചയിച്ചിരുന്നോ ; അത് നീട്ടിക്കൊടുക്കുവാനുദ്ദേശിക്കുന്നുണ്ടോ ;

(സി) സർക്കാർ നിശ്ചയിച്ച് നൽകിയ ടേംസ് ഓഫ് റഫറൻസ് കമ്മിഷൻ പുതുക്കുകയുണ്ടായോ ;

(ഡി) ജയിൽ-പോലീസ് അധികൃതരുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചകൾ സംബന്ധിച്ച് പ്രസ്തുത കമ്മീഷൻ ചൂണ്ടിക്കാണിക്കുകയുണ്ടായോ ; അവ എന്തെല്ലാമായിരുന്നു ;

(ഇ) ജയിൽ ഡി.ജി.പി. ആയിരുന്ന ശ്രീ. അലക്സാണ്ടർ ജേക്കബ്ബ് ഉൾപ്പെടെ സോളാർ കമ്മീഷൻ മുമ്പാകെ ഇതിനകം മൊഴി നല്കപ്പെട്ടവരിലൂടെ പുതുതായി വെളിപ്പെടുത്തപ്പെട്ട ഏതെല്ലാം സംഗതികളിലാണ് സർക്കാർ സ്വമേധയാ നടപടികൾ സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

## കസ്തൂരിരംഗൻ റിപ്പോർട്ട്

*167. ശ്രീ.എസ്.രാജേന്ദ്രൻ
,, എം.എ.ബേബി

,, കെ.കെ.ജയചന്ദ്രൻ

പ്രൊഫ. സി.രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ കരട് വിജ്ഞാപനത്തിൽ ഭേദഗതി വരുത്താനായി കേരളം നൽകിയ റിപ്പോർട്ട് കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിലുള്ള കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ നിലപാട് എന്താണെന്ന് മനസ്സിലാക്കാൻ ശ്രമിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സംസ്ഥാനവുമായി ഇക്കാര്യത്തിൽ കേന്ദ്ര സർക്കാർ ചർച്ച നടത്തിയിട്ടുണ്ടോ; ചർച്ചയിൽ സംസ്ഥാനം നൽകിയ റിപ്പോർട്ടിന്മേൽ കേന്ദ്ര സർക്കാർ ഉന്നയിച്ച തടസ്സങ്ങൾ എന്തൊക്കെയാണ്;

(ഡി) ജനവാസ കേന്ദ്രവും പരിസ്ഥിതി ദുർബ്ബല മേഖലയും വേർതിരിച്ച് അടയാളപ്പെടുത്തിയത് കേന്ദ്രം അംഗീകരിച്ചിട്ടുണ്ടോ;

(ഇ) കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ കാര്യത്തിൽ മുൻ കേന്ദ്ര സർക്കാരിന്റേതിൽ നിന്ന് വ്യത്യസ്തമായ എന്തെങ്കിലും നിലപാട് ഇപ്പോഴത്തെ സർക്കാരിനുണ്ടോ; വിശദമാക്കാമോ;

(എഫ്) കരട് വിജ്ഞാപനം അനുസരിച്ച് എന്തെല്ലാം കാര്യങ്ങൾക്കാണ് നിരോധനം തുടരുക എന്ന് വിശദമാക്കാമോ?

<u>ജനമൈത്രി എക്സൈസ് ഓഫീസ്</u>

*168. ശ്രീ.ജോസഫ് വാഴയ്ക്കൻ

,, ഡൊമിനിക് പ്രസന്റേഷൻ

,, വി.റ്റി.ബൽറാം

,, കെ.ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനമൈത്രി എക്സൈസ് ഓഫീസ് ആരംഭിക്കാൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>വാഹനങ്ങളിൽ വെയറബിൾ സ്ലിപ്പ് അലാം</u>

*169. ശ്രീമതി.ഗീതാ ഗോപി

ശ്രീ.ഇ.ചന്ദ്രശേഖരൻ

,, ഇ.കെ.വിജയൻ

,, വി.ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനങ്ങളിൽ വെയറബിൾ സ്ലിപ്പ് അലാം നിർബ്ബന്ധമാക്കുന്നതു സംബന്ധിച്ച് പഠനം നടത്താൻ സമിതിയെ നിയോഗിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പഠന റിപ്പോർട്ടിലെ ശിപാർശകൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത സംവിധാനം നിർബന്ധമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

<u>വനാവകാശ നിയമം</u>

*170. ശ്രീ.തോമസ് ചാണ്ടി

,, എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനഭൂമിയിൽ ആദിവാസി വിഭാഗങ്ങൾക്ക് കൂടുതൽ അധികാരം നൽകുന്ന വനാവകാശ നിയമം നടപ്പിൽ വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് ഈ നിയമം നടപ്പിലാക്കിയതെന്ന് വ്യക്തമാക്കാമോ;

(ബി) റവന്യൂ വനം, പട്ടികവർഗ്ഗ വകുപ്പുകളുടെ ഏകോപനമില്ലായ്മ കാരണം പലയിടങ്ങളിലും വനാവകാശത്തിനുള്ള ആദിവാസികളുടെ അപേക്ഷകൾ റദ്ദ ചെയ്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കേന്ദ്രപട്ടികവർഗ്ഗ മന്ത്രാലയം 2015 ഡിസംബറിനകം വനാവകാശ നിയമം നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നോ;

(സി) പ്രസ്തുത നിയമം നടപ്പിലാക്കാത്തത് വനം മാഫിയകൾക്കാണ് സഹായകരമാകുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

<u>മയക്ക്മരുന്ന് വ്യാപനം തടയുന്നതിന് സ്പെഷ്യൽ ഡ്രൈവ്</u>

*171. ശ്രീ.സി.പി.മുഹമ്മദ്

,, എം.എ. വാഹീദ്

,, ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മയക്ക്മരുന്ന് വ്യാപനം തടയുന്നതിന് സ്പെഷ്യൽ ഡ്രൈവ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ

എടുത്തിട്ടുണ്ട്?

<u>വിലസ്ഥിരതാ പദ്ധതി</u>

T *172. ശ്രീ.കെ.കെ.ജയചന്ദ്രൻ

ഡോ.ടി.എം.തോമസ് ഐസക്

ശ്രീ.സാജു പോൾ

,, ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബർ പ്രതിസന്ധി പരിഹരിക്കാൻ പ്രഖ്യാപിച്ച വിലസ്ഥിരതാ പദ്ധതിയുടെ അവലോകനം നടത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ലക്ഷ്യം എന്തായിരുന്നു; അത് നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(സി) പദ്ധതി പ്രകാരം അപേക്ഷ നൽകിയവർക്കെല്ലാം ആനുകൂല്യം വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ അതു സംബന്ധിച്ച വിശദാംശം നൽകാമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി നീക്കിവച്ച തുക എത്രയായിരുന്നു; അതിൽ നാളിതുവരെ എന്തു തുക ചെലവഴിക്കപ്പെട്ടുവെന്ന കണക്ക് ലഭ്യമാക്കുമോ ?

<u>വിദ്യാർത്ഥികളുടെ ശാസ്ത്ര ഗവേഷണ അഭിരുചി</u>

*173. ശ്രീ.തോമസ് ഉണ്ണിയാടൻ

,, സി.എഫ്.തോമസ്

,, റ്റി.യു. കുരുവിള

,, മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കോളേജ് തലങ്ങളിലുള്ള വിദ്യാർത്ഥികളുടെ ശാസ്ത്ര ഗവേഷണ അഭിരുചി വളർത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും സഹായകരമായ എന്തെല്ലാം പ്രവർത്തനങ്ങളാണ് സയൻസ് & ടെക്നോളജി വകുപ്പ് മുഖാന്തിരം നടപ്പിലാക്കി വരുന്നത് ;

(ബി) വിദ്യാർത്ഥികളിലെ ശാസ്ത്രാഭിരുചി വളർത്തിയെടുക്കുന്നതിനും അവരുടെ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനും ഉതകുന്ന നൂതന പദ്ധതികൾ ആവിഷ്ക്കരിക്കുമോ ?

<u>സർക്കാർ ഉദ്യോഗസ്ഥരുടെ കാര്യക്ഷമത</u>

*174. ശ്രീ.ഇ.പി.ജയരാജൻ
,, എം.ചന്ദ്രൻ
,, വി.ശിവൻകുട്ടി
,, ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സത്യസന്ധവും നീതിപൂർവ്വവുമായ പ്രവർത്തനം കാഴ്ച വയ്ക്കുന്നവർക്ക് സർവ്വീസിൽ സംരക്ഷണം നല്കുന്നതിനും നടപടി സ്വീകരിക്കുമോ ;

(ബി) നികുതി ചോർച്ചയും റവന്യൂ വരുമാന നഷ്ടവും വരാനിടയുള്ള വകുപ്പുകളിലും തസ്തികകളിലും കാര്യക്ഷമതയും സത്യസന്ധതയും ഇല്ലാത്തവരെ നിയോഗിച്ചു വരുന്നത് അവസാനിപ്പിക്കാമോ;

(സി) ഉദ്യോഗസ്ഥരുടെ മന:പൂർവ്വമായ വീഴ്ചകൾക്കും നീതിന്യായ പ്രക്രിയയെ ദുർബലപ്പെടുത്താനുള്ള പഴുതൊരുക്കിക്കൊടുക്കലിനുമെതിരെ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ; ഇതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

<u>പ്രഖ്യാപിത പദ്ധതികളുടെ തുടർ ചെലവുകൾക്കുള്ള ബജറ്റ് തുക</u>

*175. ശ്രീ.ബി.സത്യൻ
,, സാജു പോൾ
,, കെ.വി.വിജയദാസ്
,, കെ.കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്രഖ്യാപിക്കുന്ന പദ്ധതികൾക്കും സ്കീമുകൾക്കും അടുത്ത വർഷങ്ങളിലെ തുടർ ചെലവുകൾ കൃത്യമായി കണക്കാക്കിയതിനു ശേഷമാണോ അനുമതി നൽകുന്നത് എന്നറിയിക്കാമോ; 2015-16 ലെ ബജറ്റിൽ പ്രഖ്യാപിച്ച സാമ്പത്തിക ദൃഢീകരണ നടപടിയുടെ പശ്ചാത്തലത്തിൽ വിശദമാക്കാമോ;

<u>സിവിൽ കേസുകളിൽ നിന്ന് പോലീസ് പിന്മാറണമെന്ന തീരുമാനം</u>

*176. ശ്രീ.എ.എം. ആരിഫ്
,, പി.ശ്രീരാമകൃഷ്ണൻ
,, വി.ശിവൻകുട്ടി
,, എം.ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും

വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ കേസുകളിൽ നിന്ന് പോലീസ് പിന്മാറണമെന്നത് സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) വസ്തുതർക്കം, അതിർത്തിത്തർക്കം തുടങ്ങിയ കേസുകൾ സംബന്ധിച്ച് പോലീസ് സ്റ്റേഷനുകളിൽ പരാതി സ്വീകരിക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ടോ; നിലവിൽ പോലീസിന്റെ പരിഗണനയിലുള്ള ഹർജികൾക്കും തീരുമാനം ബാധകമാണോ;

(സി) ഇത്തരം ആവശ്യങ്ങളിൽ അടിയന്തര പരിഹാരത്തിനും ഇടപെടലിനും ജനങ്ങൾ ആരെയാണ് സമീപിക്കേണ്ടത്; വിശദമാക്കാമോ?

## വന നശീകരണം തടയാൻ നടപടി

*177. ശ്രീ.സി.എഫ്.തോമസ്

,, തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന നശീകരണവും വനം കയ്യേറ്റവും തടയുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) വന നശീകരണം സംഭവിച്ച മേഖലകളിൽ സ്വാഭാവിക വനം വളർത്തിയെടുക്കുന്നതിനും പ്രകൃതിയുടെ നിലനിൽപ്പിനും ജൈവ വൈവിധ്യ സംരക്ഷണത്തിനുമായി വനവൽക്കരണ നടപടികൾ ഊർജ്ജിതപ്പെടുത്തുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ?

## മോട്ടോർവാഹന വകുപ്പിന്റെ നവീകരണം

*178. ശ്രീ.എം.പി.വിൻസെൻറ്

,, എ.പി.അബ്ദുള്ളക്കുട്ടി

,, സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർവാഹന വകുപ്പിലെ ഓൺലൈൻ സേവനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുമോ ;

(ബി) പ്രസ്തുത വകുപ്പിലെ ഫീസുകൾ ഒടുക്കുന്നതിന് പോസ്റ്റാഫീസുമായി ലിങ്ക് ചെയ്യുമോ ;

(സി) ഓൺ ലൈൻ സേവനങ്ങൾ നടപ്പിലായതിനുശേഷം വകുപ്പിന്റെ വരുമാനം എത്ര കണ്ട് വർദ്ധിച്ചിട്ടുണ്ട്?

<u>മത്സ്യസമൃദ്ധി പദ്ധതി</u>

*179. ശ്രീ.സി.മോയിന്‍ കുട്ടി

,, എം.ഉമ്മര്‍

,, പി.ബി. അബ്ദുള്‍ റസാക്

,, കെ.എന്‍.എ.ഖാദര്‍ **:** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) പൊതുജലാശയങ്ങളിലെ മത്സ്യസമ്പത്ത് വര്‍ദ്ധിപ്പിക്കുന്നതിനുള്ള മത്സ്യസമൃദ്ധി രണ്ടാംഘട്ട പദ്ധതി വിശദമാക്കുമോ;

(ബി) ഇതിന്റെ ഒന്നാം ഘട്ടത്തില്‍ എന്തൊക്കെ പ്രവൃത്തികള്‍ ഏറ്റെടുത്തെന്നും എന്തൊക്കെ നേട്ടങ്ങള്‍ ഉണ്ടാക്കാനായി എന്നും വ്യക്തമാക്കുമോ;

(സി) അട്ടുക്കള, കുളം - മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിന് മുന്‍ഗണന നല്കുമോ?

<u>തീരദേശ കപ്പല്‍ ഗതാഗത പദ്ധതി</u>

*180. ശ്രീ.എം.വി.ശ്രേയാംസ് കുമാര്‍

,, റോഷി അഗസ്റ്റിന്‍

ഡോ.എന്‍. ജയരാജ് **:** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് തീരദേശ കപ്പല്‍ ഗതാഗത പദ്ധതി ആരംഭിക്കുന്ന കാര്യത്തില്‍ സര്‍ക്കാര്‍ നയം വ്യക്തമാക്കുമോ;

(ബി) തീരദേശ കപ്പല്‍ ഗതാഗത പദ്ധതി നടപ്പാക്കുന്നതു സംബന്ധിച്ച് മാസ്റ്റര്‍ പ്ലാന്‍ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങള്‍ നല്‍കുമോ;

(സി) ഇതിനായി ചെറുകിട തുറമുഖങ്ങളിലെ അടിസ്ഥാന സൗകര്യങ്ങള്‍ വര്‍ദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങള്‍ നല്‍കുമോ?

കേരള നിയമസഭാ
സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
07-02-2016

പി.ഡി.ശാരംഗധരന്‍,
സെക്രട്ടറി.

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].

"T" ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.